**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1594** **16-10-2026-ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കൗൺസിൽ വാങ്ങിയ സ്പോർട്സ് ഉപകരണങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. എസ്. ജോയി

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** 53 സ്പോർട്സ് ഹോസ്റ്റലുകളിലായി പരിശീലിക്കുന്ന 1941 കായിക താരങ്ങൾക്ക് സ്പോർട്സ് കൗൺസിലിൽ നിന്നും നൽകേണ്ട ജേഴ്സിയുടെയും സ്പോർട്സ് കിറ്റിന്റെയും വിതരണം നിലച്ചിട്ട് മൂന്നുവർഷത്തിലേറെയായി എന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുമോ; വ്യക്തമാക്കാമോ;

**മറുപടി:** സ്പോർട്സ് ഹോസ്റ്റലുകളിൽ പരിശീലിക്കുന്ന കായിക താരങ്ങൾക്ക് സ്പോർട്സ് കൗൺസിലിൽ നിന്നും നൽകേണ്ട ജേഴ്സിയുടെയും സ്പോർട്സ് കിറ്റിന്റെയും വിതരണം നിലച്ചിട്ട് മൂന്നുവർഷത്തിലേറെയായി എന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടക്കുന്നു. പർച്ചേസിൽ വീഴ്ച്ച വരുത്തിയതിന് ചുമതലയുള്ള രണ്ട് ഉദ്യോഗസ്ഥരെ Suspend ചെയ്തിട്ടുണ്ട്.

**(ബി)** സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ കഴിഞ്ഞ 10 വർഷ കാലയളവിൽ വാങ്ങിയിട്ടുള്ള സ്പോർട്സ് ഉപകരണങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന കഴിഞ്ഞ 10 വർഷ കാലയളവിൽ വാങ്ങിയിട്ടുള്ള സ്പോർട്സ് ഉപകരണങ്ങളുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

**(സി)** അനാവശ്യമായി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി കൂട്ടി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** സ്പോർട്സ് കൗൺസിലിന്റെ ഗോഡൗണിൽ കായിക ഉപകരണങ്ങളും, ട്രാക്ക് സ്യൂട്ടുകളും കായിക താരങ്ങൾക്ക് നൽകാതെ നശിക്കുന്നു എന്ന 19.07.2026 - ൽ മലയാള മനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച വാർത്ത സംബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് സ്പോർട്സ് കൗൺസിലിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പരിശോധിച്ച് കായിക താരങ്ങൾക്കുള്ള സ്പോർട്സ് കിറ്റ് പരിശീലകരുടേതിന് സമാനമായി ഏകീകരിക്കാനുള്ള സാധ്യത പരിശോധിക്കുന്നതിനും ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ട്രാക്ക് സ്യൂട്ട് ലഭിക്കാത്ത സാഹചര്യം ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും സ്പോർട്സ് കൗൺസിൽ സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.

"ഓപ്പറേഷൻ കളിക്കളം" എന്ന പേരിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ 24.09.2026 -ൽ നടത്തിയ മിന്നൽ പരിശോധനയിൽ പല ജില്ലകളിലും സ്പോർട്സ് ഉപകരണങ്ങൾ പർച്ചേയ്സ്

ചെയ്ത ശേഷം സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്താതിരിക്കുന്നതായും, കൃത്യമായി വിതരണം നടത്താതിരിക്കുന്നതായും വിതരണം നിർവ്വഹിക്കുന്ന ഘട്ടത്തിലും ശരിയായ രേഖപ്പെടുത്തലുകൾ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ വരുത്തുന്നില്ലായെന്നും, ടെണ്ടർ നടപടികൾ സ്വീകരിക്കാതെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതായും പ്രാഥമികമായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദമായ തുടർപരിശോധന നടത്തിവരുന്നു.

**(ഡി)** മുൻവർഷങ്ങളിൽ കായികതാരങ്ങൾക്കായി സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ വാങ്ങിക്കൂട്ടിയ സ്പോർട്സ് ഉപകരണങ്ങൾ ഗോഡൗണിൽ പൊടി പിടിച്ച് കിടന്നിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**